(സി) 3,32,07,500 (മൂന്ന് കോടി മുപ്പത്തിരണ്ടു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ ചെലവഴിച്ചു.

(ഡി) രണ്ടാം ഘട്ടം പൂർത്തിയായി കഴിഞ്ഞു.

(ഇ) നിലവിൽ പുതിയ പദ്ധതി പരിഗണനയിലില്ല.

പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള നടപടികൾ

112(320) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി ഇതിനെ വികസിപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൾ ബീച്ച് ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ ടൂറിസം വകുപ്പിന്റെ പരിമിതമായ പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പ്രയാസമാണ്.

കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാരമേഖലയിലെ പുതിയ പദ്ധതികൾ

113(321) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയത് ;

(ബി) ഇതിലേയ്ക്കായി എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(സി) തലശ്ശേരി കേന്ദ്രമായി നടപ്പിലാക്കിവരുന്ന 'പൈതൃകം' പദ്ധതിയുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏകദേശം 15കോടി രൂപ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly